# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025- 26

ജി.എൽ.പി.സ്ക്കൂൾ കൊടുന്തിരപ്പുള്ളി

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. നാളിതുവരെ മികച്ചരീതിയിൽ പ്രവർത്തിച്ചു വന്നിരുന്ന ഈ വിദ്യാലയം വരും വർഷങ്ങളിലും വിദ്യാലയമികവ് തുടരാനുള്ള ശ്രമത്തിലാണ്. അതിലേക്കായി കരുത്തുപകരാൻ തക്കവണ്ണമുള്ള പദ്ധതികളാണ് ഈ വർഷം ലക്ഷ്യം വച്ച് തയ്യാറാക്കിയിട്ടുള്ളത്.

## അടിസ്ഥാന വിവരങ്ങൾ

UDISE CODE : 32060900502

സ്കൂളിന്റെ പേര് : ഗവ. എൽ. പി. എസ്. കൊടുന്തിരപ്പുള്ളി

സ്കൂൾ കോഡ് : 21616

വിദ്യാഭ്യാസ ഉപജില്ല : പാലക്കാട്

വിദ്യാഭ്യാസ ജില്ല : പാലക്കാട്

ബി. ആർ. സി : പാലക്കാട്

സി. ആർ. സി : പിരായിരി

ഗ്രാമപഞ്ചായത്ത് : പിരായിരി

ബ്ലോക്ക് പഞ്ചായത്ത് : പാലക്കാട്

ജില്ലാ പഞ്ചായത്ത് : പാലക്കാട്

താലൂക്ക് : പാലക്കാട്

വില്ലേജ് : പിരായിരി

Email id : kodunthirappullyglps@gmail.com

facebook : Koduthirappullyglps

# പൊതുലക്ഷ്യങ്ങൾ

→ സ്കൂളിൽ എത്തുന്ന ഓരോ കുട്ടിയും അതത് ക്ലാസിൽ നേടേണ്ടതായ ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക.

→ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബിക് എന്നീ ഭാഷകൾ വായിക്കാനും എഴുതാനും കഴിയും എന്ന് ഉറപ്പുവരുത്തുക

→ ഓരോ കുട്ടിയുടെയും കഴിവ് കണ്ടെത്തുകയും അതത് മേഖലകളിൽ വേണ്ട പിന്തുണയും പരിശീലനവും നൽകുക.

→ വായനയാണ് ലഹരി എന്ന ലക്ഷ്യം നേടുന്നതിന് ശ്രമിക്കും.

→ ആധുനിക സാങ്കേതിക വിദ്യകൾ ക്ലാസ്മുറികളിൽ പരമാവധി പ്രയോജനപ്പെടുത്തുന്നതിലൂടെ അറിവ് വർദ്ധിപ്പിക്കുവാൻ ശ്രമിക്കും.

→ എല്ലാ ക്ലാസിലും പരമാവധി വർക്ക്ഷീറ്റുകൾ തയ്യാറാക്കുകയും അത് കുട്ടികൾക്ക് നൽകുകയും ചെയ്യും.

→ ആത്മപ്രകടന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കി ദിനാചരണങ്ങളെ മാറ്റും.

→ ആരോഗ്യം, ശുചിത്വം എന്നിവയിൽ ഊന്നൽ നൽകി വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവത്കരിക്കും.

→ PTA യും രക്ഷിതാക്കളും സുദൃഢവുമായുള്ള ബന്ധം ശക്തിപ്പെടുത്തും.

# ലക്ഷ്യങ്ങൾ

## ഭാഷ:

- ഒഴുക്കോടുകൂടിയും വായിക്കുന്നതിനും എഴുതുന്നതിനും കഴിവുള്ളവരാക്കി മാറ്റും.
- അതത് ക്ലാസിനനുസരിച്ചുള്ള ആശയപ്രകടനശേഷി കൈവരിക്കും.
- സർഗാത്മകരചനകൾക്കുള്ള അവസരങ്ങൾ സൃഷ്ടിക്കും.
- മികച്ച വായനക്കാരാകും.
- ആശയങ്ങളുടെ വ്യത്യസ്ത രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള (കഥ കവിത, ചിത്രരചന .... എന്നിങ്ങനെ) അവസരം സൃഷ്ടിക്കും.

## ഇംഗ്ലീഷ്

- ആത്മവിശ്വാസത്തോടെ, അനായാസം ഇംഗ്ലീഷ്ഭാഷ കൈകാര്യം ചെയ്യും.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരപ്രകടനങ്ങൾക്ക് ധാരാളം അവസരം സൃഷ്ടിക്കും.
- സ്വതന്ത്രവായനയ്ക്കും എഴുത്തിനുമുള്ള അവസരങ്ങൾ

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തും.
- പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തും
- പ്രകൃതിയോടിണങ്ങി ജീവിക്കുന്നതിനുള്ള അവസരവും താൽപര്യവും സൃഷ്ടിക്കും.
- പരിസരമലിനീകരണ വിരുദ്ധപ്രവർത്തനങ്ങളിൽ പങ്കാളികളാവും.

## ഗണിതം

- അടിസ്ഥാന ഗണിതബോധം സൃഷ്ടിക്കും.
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തും
- ഓരോ ക്ലാസിലും നേടേണ്ടതായ ഗണിതാശയങ്ങൾ നേടിയെന്ന് ഉറപ്പാക്കും.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും നേടിയെന്ന് ഉറപ്പാക്കും.

## കലാ പ്രവൃത്തിപരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പഠനോപകരണങ്ങൾ സ്വയം നിർമ്മിക്കുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കും.
- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളുടെ പരിപോഷണത്തിന് ആവശ്യമായ എല്ലാ സന്ദർഭങ്ങളുമൊരുക്കും.
- "ഞാനും കലാകാരൻ" എന്ന ബോധം എല്ലാ കുട്ടികളിലും ജനിപ്പിക്കാനുതകുന്ന പരിപാടികൾ സംഘടിപ്പിക്കും.

## ആരോഗ്യ കായിക വിദ്യാഭ്യാസം.

മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി എല്ലാ ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കും.

കായികക്ഷമത ഉറപ്പുവരുത്തും.

ആരോഗ്യ ശീലങ്ങൾ വളർത്തും.

## അറബിക്

- അറബിക് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കും.
- പഠനലക്ഷ്യങ്ങൾ അതതു ക്ലാസിലെ കുട്ടികൾ നേടിയെന്ന് ഉറപ്പുവരുത്തും.

# പ്രവർത്തനങ്ങൾ

## വായനയാണ് ലഹരി.

ലക്ഷ്യം: കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക

പ്രവർത്തനം: ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യൽ

കാലം : ആഴ്ചയിൽ രണ്ട് പുസ്തകം എന്ന കണക്കിൽ 2025 മാർച്ച് 31 വരെ

## പിറന്നാൾ സമ്മാനം.

ലക്ഷ്യം : പുസ്തകങ്ങളുമായുള്ള ചങ്ങാത്തം.

പ്രവർത്തനം : ക്ലാസ്സിലെ ലൈബ്രറി സജ്ജീകരണം, ശക്തിപ്പെടുത്തൽ.

കാലം : ജൂൺ – മാർച്ച്

## അഭിമാനപൂർവ്വം

ലക്ഷ്യം : ആശയവ്യക്തതയോടെയുള്ള വായന.

പ്രവർത്തനം : സ്കൂൾ അസംബ്ലിയിൽ വായിച്ച പുസ്തകം അവതരിപ്പിക്കൽ /പത്രവായന.

കാലം : ജൂൺ – മാർച്ച്

## ബാലവേദി

ലക്ഷ്യം : വായിച്ച പുസ്തകം അവതരണം.

പ്രവർത്തനം : മാസത്തിലൊരു ബാലവേദി സംഘടിപ്പിക്കുകയും കുട്ടികൾ വായിച്ച കഥ/കവിത ആശയവ്യക്തതയോടെ അവതരിപ്പിക്കൽ.

കാലം : ജൂൺ – മാർച്ച്

## മാഗസിൻ

ലക്ഷ്യം : ആശയപ്രകടനശേഷി വികസനം.

പ്രവർത്തനം : കുട്ടികൾ തന്റെ ഭാവനയ്ക്കൊത്ത സൃഷ്ടിച്ച കഥകൾ, കവിതകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട്, കയ്യെഴുത്തു രൂപത്തിലുള്ള മാഗസിൻ തയ്യാറാക്കൽ

കാലം : ജൂൺ – മാർച്ച്
ഓരോ ടേമിലും ഒന്ന് എന്ന രീതിയിൽ
കുറഞ്ഞത് മൂന്നെണ്ണം.

## രചനോത്സവം.

**ലക്ഷ്യം:** ആശയങ്ങളെ വ്യത്യസ്തരീതിയിൽ പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് വളർത്തുക.

**പ്രവർത്തനം:** അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളെ മാറ്റി എഴുതിയ, മറ്റൊരു വ്യവഹാരരൂപമാക്കൽ.

**കാലം** : ജൂൺ – മാർച്ച്

## സർഗ്ഗവേള.

**ലക്ഷ്യം** : എല്ലാ കുട്ടികളെയും മികച്ച എഴുത്തുകാരാക്കുക.

**പ്രവർത്തനം** : വായനാക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ, വിവരണം എന്നിങ്ങനെയുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കുന്നു.

**കാലം** : ജൂൺ — മാർച്ച്.

## അമ്മവായന

**ലക്ഷ്യം** : രക്ഷിതാക്കളെ വിദ്യാലയപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുകയും വിദ്യാലയത്തോട് അടുപ്പിക്കുകയും

**പ്രവർത്തനം** : രക്ഷിതാക്കൾക്കായി നിരവധി മത്സരങ്ങൾ സംഘടിപ്പിക്കൽ.
വായനാക്കുറിപ്പു തയ്യാറാക്കൽ
ക്വിസ് പരിപാടികൾ
കഥകളും കവിതകളും അവതരിപ്പിക്കൽ.

**കാലം** :- ജൂൺ — മാർച്ച്
ഓരോ ടേമിലും ഒന്ന് എന്ന കണക്കിൽ
കുറഞ്ഞത് മൂന്നെണ്ണമെങ്കിലും.

## ഇംഗ്ലീഷ്

പ്രവർത്തനം : ഇംഗ്ലീഷ് അസംബ്ലി
ലക്ഷ്യം : ഇംഗ്ലീഷിലൂടെ ആവിഷ്കാരവികസനം
പ്രവർത്തനങ്ങൾ : ആഴ്ചയിലൊരു ദിവസം ഇംഗ്ലീഷ് ദിനം, അസംബ്ലി
കാലം : ജൂൺ - മാർച്ച്

പ്രവർത്തനം : ഇംഗ്ലീഷ് ഡയറി
ലക്ഷ്യം : ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്
പ്രവർത്തനങ്ങൾ : സ്കൂളിലെയും വീട്ടിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതൽ.

റീഡിങ് കാർഡ് വർക്ക്ഷോപ്പ്
ലക്ഷ്യം : ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന്
പ്രവർത്തനം : കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ഒരുമിച്ച് ഇംഗ്ലീഷിലൂടെ വായനാകാർഡ് തയ്യാറാക്കൽ.
കാലം : ജൂൺ — സെപ്റ്റംബർ

## അറബിക്

അറബിക് വായനോത്സവം
ലക്ഷ്യം : കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിക് ഭാഷാ ശേഷികൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പുവരുത്തൽ
പ്രവർത്തനം : വായനാമത്സരം
വായനാകുറിപ്പ് തയ്യാറാക്കൽ
അറബിക് പത്രവായന
കാലം : ജൂൺ — മാർച്ച്

അറബിക് രചനോത്സവം
ലക്ഷ്യം : എഴുത്ത് പരിപോഷിപ്പിക്കുന്നതിന്
പ്രവർത്തനം : കുട്ടികൾ അവർക്കിഷ്ടമുള്ള വ്യവഹാരരൂപങ്ങൾ അറബിക് ഭാഷയിലൂടെ തയ്യാറാക്കുന്നു.
കാലം : ജൂൺ - മാർച്ച്

# ഗണിതം

## ഗണിതമധുരം

**ലക്ഷ്യം** :- ഗണിതാശയങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തൽ

**പ്രവർത്തനങ്ങൾ** :- ഗണിതലാബിന്റെ സഹായത്തോടെ ഓരോ ക്ലാസിലും നേടേണ്ടതായ ശേഷി ഉറപ്പിക്കുന്നു.

**കാലം** : ജൂൺ - മാർച്ച്

## ഗണിതപ്പെട്ടി

**ലക്ഷ്യം** : ഗണിതാശയങ്ങൾ ഉറപ്പിക്കൽ

**പ്രവർത്തനങ്ങൾ** :- എല്ലാ കുട്ടികൾക്കും സ്വതന്ത്രമായി ഗണിതക്രിയകളിലേർപ്പെടുന്നതിന് വേണ്ട സാധനസാമഗ്രികൾ ക്രമീകരിക്കൽ

**കാലം** : ജൂൺ - മാർച്ച്

## വർക്ക്ഷീറ്റ് നിർമ്മാണം.

**ലക്ഷ്യം** : ഗണിതപഠനം ലളിതമാക്കുന്നതിന്.

**പ്രവർത്തനം** : അതത് ക്ലാസിന് യോജിച്ച വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ

**കാലം** : ജൂൺ - സെപ്റ്റംബർ

# പരിസരപഠനം.

## എന്റെ പരീക്ഷണം

**ലക്ഷ്യം** : ശാസ്ത്രബോധം വളർത്തുന്നതിന്

**പ്രവർത്തനം** : ഓരോ ക്ലാസിനും യോജിച്ച ലഘുപരീക്ഷണങ്ങൾ നടത്തുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.

**കാലം** : ജൂൺ - മാർച്ച്

## പരീക്ഷണകിറ്റ്

**ലക്ഷ്യം** : ശാസ്ത്രീയബോധം, ശാസ്ത്രീയമായ അറിവുകൾ എന്നിവ നേടുന്നതിന്.

**പ്രവർത്തനം** : അതത് ക്ലാസിൽ പരീക്ഷണങ്ങൾ നടത്തുന്നതിന്

അവശ്യമായ സാധനസാമഗ്രികൾ ശേഖരിക്കൽ

കാലം : ജൂൺ - സെപ്തംബർ

## സാമൂഹികാവബോധം.

ലക്ഷ്യം : നാടറിവുകൾ നേടുന്നതിന്

പ്രവർത്തനം : നാടിന്റെ ചരിത്രം, സംസ്കാരം എന്നിവ അറിയുന്നു. ക്ലാസുകൾ സംഘടിപ്പിക്കുന്നു.

കാലം : ജൂൺ - മാർച്ച്.

ലക്ഷ്യം : പഠനയാത്രകൾ

പ്രവർത്തനം : സാമൂഹിക സ്ഥാപനങ്ങളുടെ പ്രാധാന്യവും അവയുടെ പ്രവർത്തനങ്ങളും തിരിച്ചറിയുന്നതിലേക്കായി അതാത് സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.
ഉദാ:- വായനശാല, പഞ്ചായത്ത്, വില്ലേജ്, പോസ്റ്റ്-ഓഫീസ് എന്നിങ്ങനെ.

കാലം :- എല്ലാ മാസവും ഒന്ന് എന്ന കണക്കിൽ ജൂൺ - മാർച്ച്.

## പ്രവൃത്തി പരിചയം

### പ്രവൃത്തി പരിചയ ശില്പശാല

ലക്ഷ്യം : നിർമ്മാണപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന്

പ്രവർത്തനം : കുട്ടികളുടെ സവിശേഷമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി പലതരം സാമഗ്രികളുടെ നിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ.
ഉദാ:- ചന്ദനത്തിരി, ചോക്ക്, പാവനിർമ്മാണം, പേപ്പർ ഉല്പന്നങ്ങൾ എന്നിവ.

കാലം : ജൂൺ - മാർച്ച്

## കലാകായികം.

ഇനം :

ലക്ഷ്യം : കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും

പ്രവർത്തനം : മാസത്തിലൊരുസഭ കൂടുകയും കുട്ടികൾ തങ്ങൾക്കിഷ്ടമുള്ള കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

കാലം :- ജൂൺ — മാർച്ച്.

## കായികാരോഗ്യം:

ലക്ഷ്യം: ശരീരത്തിന്റെ ശക്തി, ആരോഗ്യം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന്.

പ്രവർത്തനം: യോഗ, മറ്റു കായികക്ഷമതാ പരിശീലനമുറകൾ എന്നിവ കൃത്യമായി നൽകുന്നു.

സുംബാ ഡാൻസ് പരിശീലനം.

കാലം :- ജൂൺ — മാർച്ച്.

## തയ്യാറാക്കിയത്:

1. ഉഷാകുമാരി. വി. ഹെഡ്മിസ്ട്രസ്
2. ശ്രീലത. വി.എസ് SRG കൺവീനർ
3. രജിത. എം സ്റ്റാഫ് സെക്രട്ടറി
4. ദീപ. വി.എസ് ക്ലബ്ബ് കൺവീനർ
5. സ്നേഹ എസ് രാജ് ദിനാചരണ കൺവീനർ